**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5412** **03-11-2021 - ൽ മറുപടിയ്ക്ക്**

**കോവിഡിനെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്ക് നാട്ടിൽ തൊഴിൽ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ്-19 നെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് നിരവധി പ്രവാസികളാണ് ദിവസം തോറും കേരളത്തിലേക്ക് തിരികെ എത്തുന്നത് എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ ഒരു കണക്ക് എടുപ്പ് നടത്താൻ നോർക്ക എന്തെങ്കിലും സംവിധാനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. കോവിഡ് കാലത്ത് കേരളത്തിലേയ്ക്ക് തിരികെ എത്തുന്ന പ്രവാസികളുടെ കണക്കുകൾ ലഭ്യമാകുന്നതിന് സർക്കാർ കോവിഡ് ജാഗ്രത പോർട്ടൽ രൂപീകരിച്ചിരുന്നു. ടി പോർട്ടൽ പ്രകാരം 29.10.2021 വരെ 1753897 പ്രവാസികൾ കേരളത്തിലേക്ക് എത്തിയിട്ടുണ്ട്. അതിൽ 12,68,834 പേർ തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയവരാണ്. എന്നാൽ എയർപോർട്ട് അതോറിറ്റി ലഭ്യമാക്കുന്ന വിവരങ്ങൾ പ്രകാരം 2020 മെയ് മുതൽ 2021 ഒക്ടോബർ വരെയുള്ള കാലയളവിൽ കേരളത്തിലെ എയർപോർട്ടുകൾ വഴി 33,55,230 പേർ വിദേശങ്ങളിലേയ്ക്ക് യാത്ര ചെയ്തിട്ടുണ്ട്. തിരിച്ചുപോകാൻ ആഗ്രഹിച്ചവരിൽ ഭൂരിഭാഗം പേരും തിരിച്ചുപോയിട്ടുണ്ട് എന്ന് ഈ കണക്കുകൾ പ്രകാരം കരുതാവുന്നതാണ്. |
| (ബി) | കോവിഡ്-19 നെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസികൾക്ക് നാട്ടിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നോർക്ക സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; | (ബി) | കോവിഡ്-19 നെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ടും മറ്റും തിരിച്ചെത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും തൊഴിൽ സംരംഭ പദ്ധതികൾ ആവിഷ്കരിക്കുന്നതിലേയ്ക്കും 2021-22 ബജറ്റിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. താഴെപ്പറയുന്ന തൊഴിൽ സംരംഭകത്വ പദ്ധതികളാണ് പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്. 1. നാനോ എൻറർപ്രൈസ് അസിസ്റ്റൻറ്സ് സ്കീം (പ്രവാസി ഭദ്രത - പേൾ) അവിദഗ്ധ തൊഴിൽ മേഖലകളിൽ നിന്നുള്ളവരും കുറഞ്ഞ വരുമാനപരിധിയിൽ വരുന്നവരുമായ പ്രവാസി കേരളീയർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീ വഴി പലിശരഹിത സംരംഭകത്വ വായ്പകളും പിന്തുണ സഹായങ്ങളും നൽകി സാമ്പത്തിക സ്വാശ്രയത്വം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അപേക്ഷകൻ കുടുംബശ്രീ / അയൽക്കൂട്ട അംഗത്വം നേടിയ |

| | | | | |
|---|---|---|---|---|
| | | | | പ്രവാസിയോ അല്ലെങ്കിൽ അയൽക്കൂട്ട അംഗത്തിന്റെ കുടുംബാംഗമായ പ്രവാസിയോ ആയിരിക്കണം. പരമാവധി 2 ലക്ഷം രൂപ വരെയുള്ള പലിശരഹിത വായ്പയാണ് ലഭിക്കുന്നത്. 2. മൈക്രോ എൻറർപ്രൈസ് അസിസ്റ്റൻറ്സ് സ്കീം (പ്രവാസി ഭദ്രത - മൈക്രോ) കെ.എസ്.എഫ്.ഇ മുഖേന സ്വയം തൊഴിൽ വായ്പ നൽകുന്ന പദ്ധതിയാണ് പ്രവാസി ഭദ്രത മൈക്രോ. പരമാവധി 5 ലക്ഷം രൂപ വരെയുള്ള വായ്പയാണ് ഇതിലൂടെ ലഭിക്കുന്നത്. അഞ്ചു ലക്ഷം രൂപ വായ്പ തുകയിൽ ഒരു ലക്ഷം രൂപ മൂലധന സബ്സിഡി അനുവദിക്കും എന്നതാണ് പദ്ധതിയുടെ സവിശേഷത. കൃത്യമായ തിരിച്ചടവുള്ളവർക്ക് ത്രൈമാസ കാലയളവിൽ പലിശ സബ്സിഡിയും നൽകുന്നതാണ്. പദ്ധതി നടത്തിപ്പിനായി KSFEയുമായി നോർക്ക റൂട്ട്സ് ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. 3. സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത - മെഗാ) സ്വയം തൊഴിൽ പദ്ധതികൾക്കായി KSIDC മുഖാന്തിരം 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെ 8.25% മുതൽ 8.75% വരെ പലിശ നിരക്കിൽ വായ്പ്പ നൽകുന്ന പദ്ധതിയാണ് പ്രവാസി ഭദ്രത മെഗാ. പ്രസ്തുത പലിശ നിരക്കിൽ, 5% ഗുണഭോക്താവും 3.25% മുതൽ 3.75% വരെ പലിശ സബ്സിഡിയായി ത്രൈമാസ കാലയളവിൽ നോർക്ക റൂട്ട്സും അനുവദിക്കും. 4. NDPREM മേൽ പദ്ധതികൾ കൂടാതെ തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുന്ന നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) പദ്ധതി വിപുലീകരിക്കുകയും പദ്ധതി വിഹിതം 2021 – 22 സാമ്പത്തിക വർഷത്തിൽ 24.4 കോടി രൂപയായി വർധിപ്പിക്കുകയും ചെയ്തു. സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്നു. കൃഷി, വ്യവസായം, കച്ചവടം, സേവനങ്ങൾ, വാഹന വായ്പ, ഉത്പാദനം എന്നീ സംരംഭങ്ങൾക്കും സ്റ്റാർട്ട് അപ്പ് മിഷൻ മുഖേനയുള്ള പ്രോജക്ടസിനും ടി പദ്ധതി മുഖേന ബാങ്ക് വായ്പ ലഭ്യമാക്കി വരുന്നു. |
| | | | | |

| | | | |
|---|---|---|---|
| (സി) | ഇതിനോടകം എത്ര പേർ പ്രസ്തുത സഹായം സ്വീകരിച്ച് തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (സി) | പ്രവാസി ഭദ്രത പദ്ധതിയുടെ കീഴിലുള്ള ഉപപദ്ധതികളായ പ്രവാസി ഭദ്രത – പേൾ, പ്രവാസി ഭദ്രത – മൈക്രോ, പ്രവാസി ഭദ്രത - മെഗാ എന്നീ പദ്ധതികളിലേക്ക് ഗുണഭോക്താക്കളെ കണ്ടെത്തിക്കൊണ്ടിരിക്കുന്നു. തിരിച്ചു വരുന്ന പ്രവാസികളുടെ സമഗ്ര പുനരധിവാസ പദ്ധതിയായ NDPREM ൽ കോവിഡ് മഹാമാരി ആരംഭിച്ച 2020 - 2021 മുതൽ നാളിതുവരെയായി 1030 പ്രവാസികൾ ഗുണഭോക്താക്കളായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ